കേരള സർക്കാർ

സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഗവ.ഐ.ടി.ഐ. കളുടെ പുനർ നാമകരണം-സ.ഉ (സാധാ) നം.1811/12/തൊഴിൽ തീയതി 22.11.2012 – ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (സി) വകുപ്പ്

സ.ഉ. (സാധാ) നം. 1164/2013/തൊഴിൽ തിരുവനന്തപുരം, തീയതി 28.6.2013

---

പരാമർശം - 1. സ.ഉ (സാധാ) നം.1811/12/തൊഴിൽ തീയതി 22.11.2012.
2. 13.5.2013-ാം തീയതിയിലെ ട്രെയിനിംഗ് ഡയറക്ടറുടെ സി3/9859/11 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ലെ ഉത്തരവു പ്രകാരം തൊഴിലും പുനരധിവാസവും വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന വ്യാവസായിക പരിശീലന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഐ.ടി.ഐ. കളുടെ പേര് "ഗവ. ഐ.ടി.ഐ. തൊഴിൽ വകുപ്പ് (സ്ഥലപ്പേര്)" എന്നാക്കി ബോർഡുകൾ സ്ഥാപിക്കണമെന്ന് ട്രെയിനിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ലേബർ കമ്മീഷണർ തലവനായുള്ള 'തൊഴിൽ വകുപ്പ്' നിലവിലുള്ള സാഹചര്യത്തിൽ വ്യാവസായിക പരിശീലന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഗവ. ഐ.ടി.ഐ. കളുടെ പേരിൽ തൊഴിൽ വകുപ്പ് എന്ന് ചേർക്കുന്നത് തെറ്റിദ്ധാരണയ്ക്ക് കാരണമാകും എന്നതിനാൽ പരാമർശം (1) ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് "ഗവ. ഐ.ടി.ഐ. (സ്ഥലപ്പേര്) വ്യാവസായിക പരിശീലന വകുപ്പ്" എന്ന് പുനർനാമകരണം നടത്തണമെന്ന് ട്രെയിനിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൊഴിലും പുനരധിവാസവും വകുപ്പിന്റെ അധീനതയിലുള്ള ഐ.ടി.ഐ. കളുടെ പേര് താഴെ പറയുന്ന രീതിയിൽ പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| |
|---|
| കേരള സർക്കാർ |
| വ്യാവസായിക പരിശീലന വകുപ്പ് |
| ഗവ.ഐ.ടി.ഐ., . . . . . . . . . . . . (സ്ഥലപ്പേര്) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി. രാജേന്ദ്രൻ ചെട്ടിയാർ,
അണ്ടർ സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്,
ഡയറക്ടർ, പൊതുജന വിവര സമ്പർക്ക വകുപ്പ് (പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

**Directorate of Training**
Thycaud, Thiruvananthapuram -14

**Endt on. C3/9859/2011 Dated: 8.7.2013**

Copy communicated for information and necessary action.

FOR DIRECTOR OF TRAINING

To

All ITI Principals (Through Nodal Govt. ITI Principals)

Copy to: All Nodal ITI Principals C.A to D.T/C.A to A.D.T/All Unit Officers of Directorate, J.S (C), J.S (D)/J.S (E)/J.S (F)/ S.S(A)/ S.S (B)/ S.S(G) S.S (H)/S.S (I)/C1/C2/C3/C3 (S.F)/Website: www.det.kerala.gov.in